# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.* 626 | 24/05/2017-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും | സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017"-ന് രൂപം നൽകുകയും പ്രസ്തുത കരട് ബിൽ മന്ത്രിസഭായോഗം അംഗീകരിക്കുകയും ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള തുടർ നടപടിക്കായി നിയമവകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഡയാലിസിസ് പോലുള്ള ചികിത്സകൾക്ക് സ്വകാര്യ ആശുപത്രികൾ അമിത നിരക്ക് ഈടാക്കുന്നതായും അനാവശ്യമായ രോഗ നിർണ്ണയ പരിശോധനകൾ നടത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ